Item Code: 944 Participant Code: 128

# കലോത്സവങ്ങൾ : സർഗസപര്യാസമ്മേളനങ്ങൾ

കൗമാരപ്രതിഭകളുടെ കഴിവുകളും സർഗശേഷിയും ലോകത്തിനുമുന്നിലെത്തിക്കുന്ന കലോത്സവവേദികൾ വിദ്യാർഥികളുടെ സർഗാത്മകത പരിപോഷിപ്പിക്കുന്നവയാണ്. കേരള സംസ്ഥാന സ്കൂൾ കലോത്സവം അറുപത്തിരണ്ടിന്റെ നിറവിലെത്തിനിൽക്കുമ്പോൾ കഴിഞ്ഞുപോയ ഓരോ കലാമേളകളും നവ്യാനുഭവങ്ങളായി മാറിയവയാണ് എന്ന് തിരിച്ചറിയാം. മത്സരയിനങ്ങളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാവാറില്ലെങ്കിലും ഓരോ കലോത്സവങ്ങളും വേറിട്ടതായി മാറുന്നത് വിദ്യാർഥികളുടെ സർഗാത്മകതയ്ക്കുള്ള അംഗീകാരമാണ്. 'കലോത്സവം' എന്ന പേര് സൂചിപ്പിക്കുന്നതുപോലെ കലയുടെയും സർഗശേഷിയുടെയും ഉത്സവങ്ങളായി മാറുന്ന കലാമേളകൾ നൂതനമായ ആശയങ്ങളുടെയും അവതരണവേദിയാണ്.

ഓരോ വർഷവും മത്സരയിനങ്ങളിൽ നവീനമായ ആശയങ്ങളുടെ ഉദ്ഭവം കാണാം. നാടകങ്ങൾ, ഏകാഭിനയം മുതലായ ഇനങ്ങൾ പുത്തൻ ആശയപ്രപഞ്ചം സൃഷ്ടിക്കുന്നു. പണ്ടുമുതലേ പിന്തുടർന്നുവരുന്ന അവതരണശൈലികളിൽ നിന്നും വിഷയങ്ങളിൽ നിന്നും വ്യത്യസ്തമായി തങ്ങളുടേതായ സന്ദേശങ്ങൾ സമൂഹത്തിന് നൽകാനാണ് കുട്ടികൾ ആഗ്രഹിക്കുന്നത്. സമകാലികപ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ട് സ്വന്തം അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് നാടകം പോലുള്ള മത്സരങ്ങൾ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

നടന്നുവരുന്നത്. സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളായ ലഹരിഉപയോഗം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും വിവേചനങ്ങളും, പ്രകൃതിമലിനീകരണം തുടങ്ങിയ വിഷയങ്ങൾ രംഗാവതരണങ്ങളിൽ കാണാം. വിജയം നേടുക എന്ന അതിയായ ആഗ്രഹത്തോടെയും അർപ്പണബോധത്തോടെയും മത്സരാർഥികൾ അവതരിപ്പിക്കുന്ന സാമൂഹ്യപ്രസക്തിയുള്ള പരിപാടികൾ അവരുടെ വ്യക്തിത്വവികസനത്തെ നല്ല രീതിയിൽ സ്വാധീനിക്കുന്നുണ്ട്. മാനുഷികമൂല്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ട് സാമൂഹ്യപ്രതിബദ്ധത ഉള്ളവരായി വളരാൻ ഇത്തരം അവതരണങ്ങൾ വിദ്യാർഥികളെ സഹായിക്കുന്നു.

ഓരോ മത്സരാർഥിയുടെയും കഴിവിന്റെയും അവതരണമികവിന്റെയും അടിസ്ഥാനത്തിലുള്ള അംഗീകാരങ്ങൾ അവരുടെ സർഗാത്മകതയെയും ആത്മവിശ്വാസത്തെയും പരിപോഷിപ്പിക്കുന്നു. സാമ്പത്തികപരമായോ സാമൂഹ്യപരമായോ ബുദ്ധിമുട്ടുകളെ നേരിടുന്ന വിദ്യാർഥികൾക്ക് കലോത്സവവേദികളിലെ അവസരങ്ങളുടെ ലോകം വലിയ പ്രചോദനമാണ്. അത്തരത്തിലുള്ള സർവഭേദങ്ങൾക്കുമതീതമായി അർഹരായവർക്ക് മതിയായ അംഗീകാരം ലഭിക്കുമ്പോൾ പിഞ്ചുമനസ്സുകളിൽ ആത്മവിശ്വാസത്തിന്റെയും മനോധൈര്യത്തിന്റെയും വേരുകളുറപ്പിക്കപ്പെടുന്നു.

വിദ്യാഭ്യാസകാലത്തിൽ കുട്ടികൾ കടന്നുപോകുന്ന അവിസ്മരണീയ ദിനങ്ങളാണ് കലോത്സവത്തിന്റെ ദിവസങ്ങൾ. പഠനത്തോടൊപ്പം കുട്ടികളിലുറങ്ങിക്കിടക്കുന്ന പാഠ്യേതരകഴിവുകളെയും അവരുടെ സർഗാത്മകതയെയും പ്രോത്സാഹിപ്പിക്കുന്ന കലാമേളകൾ ഭാവിതലമുറയുടെ സാംസ്കാരികമായ ഉന്നമനത്തിന് ഒഴിച്ചുകൂടാനാവാത്തവയാണ്. ഒരു ആഗ്രഹം സാക്ഷാത്കരിക്കാനായി കഠിനപരിശ്രമം ചെയ്യുവാനും അത് ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുവാനും ഉള്ള ശേഷി കൈവരിക്കുന്നതോടൊപ്പം മറ്റുള്ളവരുടെ കഴിവുകളെക്കൂടി അംഗീകരിക്കുവാനുള്ള മനോഭാവം കുട്ടികളിലുടലെടുക്കുന്നു. പഠനത്തിൽ അല്പം പിന്നിലാണെങ്കിലും ചില കുട്ടികൾ സർഗാത്മകമായ കഴിവുകളാൽ സമ്പന്നരായിരിക്കും. അത്തരക്കാർക്കുകൂടി സമൂഹത്തിന്റെ അംഗീകാരം നേടിക്കൊടുക്കുകയാണ് കലോത്സവങ്ങളുടെ മുഖ്യലക്ഷ്യം.

ഇന്ന് ചലച്ചിത്രം, സംഗീതം, സാഹിത്യം തുടങ്ങിയ മേഖലകളിലൊക്കെ ശോഭിച്ചുനിൽക്കുന്ന മിക്ക പ്രമുഖവ്യക്തികളുടെയും വളർച്ചയ്ക്ക് കാരണമായത് കലാമേളകളിൽ ലഭിച്ച അംഗീകാരങ്ങളും പിന്തുണയുമാണെന്ന് അവർ തന്നെ പറയുന്നുണ്ട്. തന്റെ കഴിവുകളെ കേൾക്കുവാനും അംഗീകരിക്കുവാനും ഒരു ജനത തയ്യാറാണെന്ന തിരിച്ചറിവ് വിദ്യാർഥികളുടെ സർഗസിദ്ധികളെ പ്രചോദിപ്പിക്കുന്നു.

രചനാമത്സരങ്ങളാണ് പ്രധാനമായും സർഗാത്മകതയുടെ ഉത്ഭവത്തിനും വിനിമയത്തിനും മാധ്യമങ്ങളാവാറുള്ളത്. തത്സമയം നൽകുന്ന വിഷയങ്ങളെ ആസ്പദമാക്കി ജന്മമെടുക്കുന്ന കഥകളും കവിതകളും മറ്റ് രചനകളുമൊക്കെത്തന്നെ ഭാവനയുടെയും നൂതനമായ ആശയങ്ങളുടെയും പ്രപഞ്ചവാതിൽ തുറക്കുന്നു. ഓരോ മത്സരാർഥിയുടെയും രചനകൾ വേറിട്ടതും വിശിഷ്ടവുമായിത്തീരുന്നത് ഓരോ വ്യക്തികളിലും സഞ്ജാതമാകുന്ന ഭാവനലോകത്തിന്റെ വൈവിധ്യം കൊണ്ടാണ്. ഈ വ്യത്യസ്തങ്ങളായ രചനകളൊക്കെത്തന്നെ ഭാവിയിലെ പ്രമുഖസാഹിത്യകാരന്മാരുടെയും വാഗ്മികളുടെയുമൊക്കെ തൂലികയിൽ നിന്ന് പിറവിയെടുക്കുന്ന സർഗസമ്പത്തുകളാണ്. ഭാവിലോകത്തിന്റെ സാംസ്കാരികവും സാഹിത്യപരവുമായ സ്വത്തുക്കളാണ് ഇന്നത്തെ വിദ്യാർഥിപ്രതിഭകൾ.

പിൻതലമുറക്കാർ ചെയ്തുവച്ച അവതരണങ്ങളെ അനുകരിക്കാനുള്ള പ്രവണത ഇന്നത്തെ കുട്ടികളിൽ കുറവാണ്. സ്വന്തം അഭിപ്രായങ്ങളെയും സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളെയും പങ്കുവയ്ക്കുവാനുള്ള വേദികളാണ് ഇന്ന് കലാമേളകൾ. മത്സരയിനങ്ങൾ വ്യത്യസ്തമായാലും തന്റേതായ ഒരു പുതിയ കാര്യം അവതരിപ്പിക്കാനാണ് കുട്ടികൾ ശ്രമിക്കുന്നത്. ഓരോ പ്രാവീണ്യ-

വും പുതിയ ആശയങ്ങൾക്ക് രംഗവേദിയാകുന്ന കലോത്സവങ്ങ
ൾ കുട്ടികളിലെ സർഗാത്മകതയ്ക്ക് പോഷണമേകുന്നു. കല
യോടുള്ള സ്നേഹവും ആത്മാർഥതയും സമ്മേളിക്കുന്ന കലോത്സ
വങ്ങൾ കാഴ്ചക്കാരുടെ മനസ്സിനും കുളിർമയേകുന്നവയാണ്.
വിദ്യാഭ്യാസത്തോടൊപ്പം കലയ്ക്കും നൈപുണിവികസനത്തിനും
പ്രാധാന്യം നൽകുന്ന നമ്മുടെ കേരളം പ്രതിഭകൾക്ക് മാനം
മുട്ടെ വളരാനും പടർന്നുപന്തലിച്ച് സ്വന്തം സമൂഹത്തിനുതന്നെ
തണലാകാനും സഹായിക്കുന്ന വളക്കൂറുള്ള മണ്ണാണ്. എല്ലാ
വേദികളിലും നിറഞ്ഞ കൈയ്യടികളോടെ ഒപ്പം നിൽക്കുന്ന മല
യാളനാടിന്റെ മക്കൾ കലോത്സവങ്ങളുടെ സമ്പൂർണ വിജയത്തി
ന് അവിഭാജ്യഘടകമാണ്.

കല അതിർവരമ്പുകളെ മായ്ച്ചുകളയുന്ന ഒന്നാണ്. ജീവിത
ത്തിൽ പലതരം പ്രയാസങ്ങളനുഭവിക്കുമ്പോഴും അവയെയൊക്കെ
തരണം ചെയ്ത് മത്സരങ്ങളിൽ വിജയം കൊയ്യുന്ന ഒട്ടേറെ വിദ്യാ
ർഥികളുണ്ട്. അവർക്ക് സമൂഹം നൽകുന്ന പിന്തുണയും പ്രോത്സാ
ഹനവും വളരെ വലുതാണ്. കലോത്സവങ്ങളിൽ സ്വാഭാവികമാ
യ ചില പരാജയങ്ങൾ മത്സരാർഥികളുടെ മനസ്സിൽ നീറുന്ന അ
നുഭവങ്ങളായി മാറാറുണ്ടെങ്കിലും ആ പരാജയത്തിൽ നിന്നും
പാഠമുൾക്കൊണ്ടുകൊണ്ട് ആവശ്യമായ പരിഷ്കരണങ്ങൾ

കൊണ്ടുവന്ന് അടുത്ത അവസരത്തിൽ കൂടുതൽ മികച്ചതാക്കി അവതരിപ്പിക്കാനുള്ള പ്രേരണയാണ് ഈ തോൽവികൾ ഉണ്ടാക്കുന്നത്. അത്തരം വിജയങ്ങൾക്ക് മധുരമേറെയായിരിക്കും.

ഒരു യഥാർഥ കലാസ്നേഹി ചെറിയ ചില അവസരങ്ങൾ പോലും കണ്ടെത്തിക്കൊണ്ട് അവയെ സർഗാത്മകമായി പ്രയോജനപ്പെടുത്തുന്ന വ്യക്തിയായിരിക്കും. അവസരങ്ങളെ തിരിച്ചറിയുന്നതോടൊപ്പം അവ തന്റെ കലാപരമായ കഴിവുകളാൽ എങ്ങനെ അർഥവത്താക്കാം എന്ന് ചിന്തിക്കേണ്ടതുമുണ്ട്. വിദ്യാർഥികളുടെ ഇത്തരം അന്വേഷണത്വരയാണ് പുതിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന മത്സരങ്ങൾ പിറവികൊള്ളാൻ ഹേതുവാകുന്നത്. കേവലം വിജയം നേടുകയോ പ്രശസ്തി കൈവരിക്കുകയോ ചെയ്തതുകൊണ്ടുമാത്രം കലാമേളകൾ അർഥപൂർണമാകുന്നില്ല. കലയോടും മനസ്സാക്ഷിയോടും നീതി പുലർത്തിക്കൊണ്ടായിരിക്കണം വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുക്കേണ്ടത്.

ജന്മനാ സിദ്ധിക്കുന്ന കഴിവുകൾ എല്ലാ മനുഷ്യരിലുമുണ്ട്. എന്നാൽ അവയെ ഫലവത്തായി ഉപയോഗപ്പെടുത്തുന്നവരും നിരന്തരപരിശീലനത്തിലൂടെ പൂർണതയിലെത്തിക്കാൻ ശ്രമിക്കുന്നവരുമാണ് കലാതിലകങ്ങളും പ്രതിഭകളുമായി മാറുന്നത്. ഒരിക്കലും സർഗശേഷികളിൽ എല്ലാം തികഞ്ഞവനായി മാറാൻ കഴിയില്ല.

എന്ന തിരിച്ചറിവാണ് ആദ്യം ഉണ്ടാകേണ്ടത്. ഈ പാണ്ഡിത്യത്തോടെ കലാസപര്യയെ നിരന്തരം പരിശീലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ കലാകാരന്മാർ. അത്തരം കലാപ്രതിഭകളുടെ സമ്മേളനമാണ് കലോത്സവങ്ങൾ. സർഗാത്മകതയ്ക്കും ഭാവനാശേഷിക്കും പ്രാധാന്യം കൊടുത്തുകൊണ്ടാണ് സ്കൂൾ കലോത്സവങ്ങൾ നടന്നുവരുന്നത്. കുട്ടികളിലെ സർഗശേഷികൾക്ക് അർഹമായ അംഗീകാരവും ശ്രദ്ധയും നൽകിക്കൊണ്ട് ഒരു ദേശത്തിന്റെയാകെ കലാപാരമ്പര്യത്തെയും തനിമയെയും ദൃശ്യവത്കരിക്കുന്ന സ്കൂൾ കലോത്സവങ്ങൾക്ക് പുതുതലമുറയുടെ രൂപീകരണത്തിലും പരിപോഷണത്തിലും അതിയായ പ്രാധാന്യമുണ്ട്. കലയെ സ്നേഹിക്കുന്ന ഒരു ലോകത്തിന്റെ സൃഷ്ടിക്ക് അവ അവിഭാജ്യമാണ്.